ഓൺഗ്രിഡ് സോളാർ യൂണിറ്റുകൾ

58 (6509) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സോളാർ പാനലുകളിൽനിന്ന് ഉദ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ലൈനുകളിലേക്ക് കടത്തിവിടാൻ അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച കരടുചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) കൂടുതലായി ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ലൈനുകളിലേക്ക് കടത്തിവിടാനും പിന്നീട് ആവശ്യം വരുമ്പോൾ തിരികെ സ്വീകരിച്ച് ഉപയോഗിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുതചട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഉപഭോക്താക്കൾക്ക് ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സോളാർ പാനലുകളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.യുടെ ലൈനുകളിലേക്ക് കടത്തിവിടാൻ ഇപ്പോൾ അനുമതി നൽകിത്തുടങ്ങിയിട്ടുണ്ട്. ഇതുസംബന്ധിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 10-6-2014-ൽ KSERC (Grid Interactive Distributed Solar Energy Systems) Regulations, 2014 എന്ന ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) വൈദ്യുതി ശൃംഖലയുമായി ബന്ധപ്പെടുത്തി സ്ഥാപിക്കുന്ന ഇത്തരം പ്ലാന്റുകൾ ഒരു നെറ്റ് മീറ്ററിലൂടെ ശൃംഖലയിലേയ്ക്ക് ബന്ധിപ്പിക്കുന്നു. സൗരോർജ്ജ ഉൽപ്പാദനമുള്ള പകൽസമയത്ത് ഉപഭോക്താവിന് വൈദ്യുതി ഉപയോഗം ശൃംഖലയിൽനിന്ന് അത്രയും അളവിൽ കുറയും. വൈദ്യുതി ഉപയോഗം, കുറവാണെങ്കിൽ അധികം ഉൽപ്പാദിപ്പിക്കുന്നത് ശൃംഖലയിലേയ്ക്ക് നൽകുകയും സൗരോർജ്ജം ഉൽപ്പാദനമില്ലാത്ത സമയത്ത് ശൃംഖലയിൽനിന്ന് ഉപഭോക്താവ് ഉപയോഗിക്കുന്ന വൈദ്യുതിയുടെ ബില്ലിൽനിന്ന് അത്രയും അളവ് കുറവ് ചെയ്യുകയും ചെയ്യാം. ഉപഭോക്താക്കൾ ഒരു സാധാരണ ബില്ലിംഗ് സൈക്കിളിൽ ഗ്രിഡിൽ ഉപയോഗിക്കുന്ന വൈദ്യുതിയേക്കാൾ അധികം സൗരോർജ്ജത്തിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഗ്രിഡിലേക്ക് നൽകിയിട്ടുണ്ടെങ്കിൽ ആ അധികംവരുന്ന വൈദ്യുതി ബാങ്ക് ചെയ്യാനാണ് അനുവദിച്ചിട്ടുള്ളത്. ആ ഉപഭോക്താവിന്റെ ഉടമസ്ഥതയിലുള്ള മറ്റ് സ്ഥാപനങ്ങളിലോ കെട്ടിടങ്ങളിലോ ഈ അധിക വൈദ്യുതി ഉപയോഗിക്കാനാവും. ടൈം-ഓഫ്-ഡേ (ടി.ഒ.ഡി.)

LIBRARY ARCHIVES Kerala Legislative Assembly

മീറ്ററിംഗ് ബാധകമാക്കിയിട്ടുള്ള ഉപഭോക്താക്കൾക്ക് അതാത് ബില്ലിംഗ് സൈക്കിളിൽത്തന്നെ അധികം ഗ്രിഡിലേക്ക് നൽകിയ വൈദ്യുതി പീക്ക് പിരീഡിലും വീണ്ടും ബാക്കിയുണ്ടെങ്കിൽ ഓഫ്-പീക്ക് പിരീഡിലും ഗ്രിഡിൽനിന്ന് ഉപയോഗിച്ച വൈദ്യുതിയിൽനിന്ന് കുറവ് ചെയ്യാനും സാധിക്കും.

(ഡി) ബാറ്ററിയില്ലാത്ത സൗരവൈദ്യുതി നിലയങ്ങൾ സ്ഥാപിക്കാമെന്നതിനാൽ സൗരവൈദ്യുതപ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് ഗണ്യമായി കുറയും. കാലാകാലങ്ങളിൽ ബാറ്ററി മാറ്റിസ്ഥാപിക്കുന്നതിനുള്ള ചെലവും ഒഴിവാകും. പകൽസമയത്ത് ഉപഭോക്താക്കളുടെ വൈദ്യുതി ആവശ്യത്തിന്റെ ഒരു പങ്ക് സൗരവൈദ്യുതിയിൽനിന്ന് ലഭ്യമാകും. അല്ലെങ്കിൽ പകൽ അധികമായി സൗരവൈദ്യുതി ഉൽപ്പാദിപ്പിച്ച് ഗ്രിഡിലേക്ക് നൽകി മറ്റ് സമയങ്ങളിൽ ഗ്രിഡിൽ ഉണ്ടാവുന്ന വൈദ്യുതി ഉപയോഗത്തിൽനിന്നും കുറവ് ചെയ്യുകയും ചെയ്യാം. ഇതിലൂടെ അവരുടെ ആകെ വൈദ്യുതി ഉപയോഗത്തിൽ ഗണ്യമായ കുറവുണ്ടാക്കാനാവും.

സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ

59 (6510) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുതപദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. വിവിധ സർക്കാർ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾ തയ്യാറാക്കി സൗരോർജ്ജ നിലയങ്ങൾ അനെർട്ടിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചുവരുന്നു. 13 സ്ഥാപനങ്ങളിൽ 123 കിലോവാട്ട് ശേഷിയുള്ള റൂഫ്ടോപ്പ് സൗരോർജ്ജ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. (ആകെ ലഭ്യമായ കേന്ദ്ര സബ്സിഡി 68,64,416 രൂപ.)

കേന്ദ്ര സർക്കാരിന്റെ സബ്സിഡി ലഭ്യമാക്കിക്കൊണ്ട് താഴെപ്പറയുന്ന സർക്കാർ സ്ഥാപനങ്ങളിൽ 174 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകളുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്.

1. കളക്ടറേറ്റ് ബിൽഡിംഗ്, എറണാകുളം – 100 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് കണക്ടഡ് സൗരോർജ്ജ റൂഫ്ടോപ്പ് പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly